"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജല വിഭവ വകുപ്പ് - ജല ജീവൻ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് - 5 വർഷത്തേക്ക് - പദ്ധതിയ്ക്ക് സംയുക്ത ഭരണാനുമതിയും നിർവ്വഹണസംവിധാനം അംഗീകരിച്ചും - 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിൽ സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുവാൻ അംഗീകാരം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജലവിഭവ (ജല വിതരണ- സി) വകുപ്പ്**

**സ.ഉ.(കൈ) നം.37/2020/ജ.വി.വ** തീയതി,തിരുവനന്തപുരം, 08/06/2020

പരാമർശം:- 1 21/12/2019 ൽ പ്രസിദ്ധീകരിച്ച ജൽ ജീവൻ മിഷന്റെ കേന്ദ്ര മാർഗ്ഗരേഖ

**ഉത്തരവ്**

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീട്ടുകളിലും 2024 ഓടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകളുമായി ചേർന്നു നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ് ജല ജീവൻ മിഷൻ. പദ്ധതിയുടെ കേന്ദ്രസർക്കാർ മാർഗ്ഗ നിർദേശമനുസസരിച്ച് കേന്ദ്ര സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പദ്ധതി നടത്തിപ്പിലേക്കു വേണ്ടി പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ച് പദ്ധതി മാർഗ്ഗരേഖയും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. ജല ജീവൻ മിഷൻ പദ്ധതിയുടെ വികസന ലക്ഷ്യങ്ങൾ താഴെ പറയും പ്രകാരമാണ്.

a.ഗ്രാമീണ മേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീട്ടുകൾക്കും ഗുണഭോക്താക്കളുടെ സമൂഹ സംഭാവനയോട് കൂടി സുസ്ഥിരമായ ജലലഭ്യതയുള്ള ദീർഘകാല കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കുക.

b. ഗ്രാമപഞ്ചായത്ത്, ഗ്രാമീണ-സാമൂഹിക കൂട്ടായ്മകൾ എന്നിവ തനത് ഗ്രാമത്തിലെ കുടിവെള്ള പദ്ധതികൾ പരിപാലിച്ച് നടപ്പിലാക്കുക.

c.ജല സംരക്ഷണവും കുടിവെള്ള ഉപയോഗവുമായി ബന്ധപ്പെട്ട് ജലസംരക്ഷണത്തെ കുറിച്ച്

അറിവും ബോധവും നൽകുന്നതിനും അതു വഴി ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

3. ജല ജീവൻ മിഷൻ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തികൾ താഴെപ്പറയുന്നവയാണ്.

a) എല്ലാ ഗ്രാമീണവീടുകളിലും കുടിവെള്ളം നൽകാനുള്ള ഗാർഹിക ടാപ്പ് കണക്ഷൻ നൽകുക.

b) ഗ്രാമീണമേഖലയിലെ പദ്ധതികളിൽ തദ്ദേശവാസികൾക്ക് അർഹമായ പ്രാധാന്യവും പരിഗണനയും നൽകി ടിയാളെ കൊണ്ട് തന്നെ പദ്ധതി സ്വന്തമായി നടത്താൻ വേണ്ടതായ സാങ്കേതിക സേവനം നൽകുക.

c) കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ സാങ്കേതിക, സാങ്കേതികേതര ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി പദ്ധതി നടത്തിപ്പിന് വിദഗ്ധ സേവനം വിനിയോഗിക്കുക. തൻമൂലം ഉപഭോക്താക്കളുടെ കൂട്ടായ്മയുടെ നേതൃത്വത്തിൽ തന്നെ പദ്ധതിയുടെ സുസ്ഥിരത കൈവരിക്കുക.

4. വിവിധ ഭരണ വകുപ്പുകളുടെ ഏകോപനവും, അതോടൊപ്പം കേന്ദ്ര വിഹിതമുൾപ്പടെ വിവിധ വകുപ്പുകളിൽ നിന്നുള്ള ധനസമാഹരണവും ഈ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമാണ്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ തനത് പശ്ചാത്തലത്തിലും, വ്യവസ്ഥകൾക്കും, തൽ സ്ഥിതിക്കും അനുസൃതമായി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് രീതി സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 5 വർഷം (2024 വരെ) നിലവിൽ കാലാവധിയുള്ള പദ്ധതിയ്ക്ക് സംയുക്ത ഭരണാനുമതി നൽകുന്നതിനും, 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി രൂപ അടങ്കലിൽ പദ്ധതി നടപ്പാക്കാൻ അംഗീകാരം നൽകുന്നതിനും, ചുവടെ പറയുന്ന നടത്തിപ്പ് കമ്മിറ്റികൾ രൂപീകരിച്ച് കൊണ്ടും താഴെപ്പറയുന്ന മാതൃകയിൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാനും സർക്കാർ ഇതിനാൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## <u>സമിതികളുടെ ഘടന</u>

### <u>സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷൻ</u>

**സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷന്റെ അപെക്സ് കമ്മിറ്റിയുടെ ഘടന**

| | | |
|---|---|---|
| 1 | ചീഫ് സെക്രട്ടറി | ചെയർപേഴ്സൺ |
| 2 | അഡീഷണൽ ചീഫ് സെക്രട്ടറി(ജലവിഭവ വകുപ്പ്) | വൈസ് ചെയർപേഴ്സൺ |
| 3 | സെക്രട്ടറി (ജലവിഭവ വകുപ്പ്) | മെമ്പർ സെക്രട്ടറി |
| 4 | മിഷൻ ഡയറക്ടർ (ജലജീവൻ മിഷൻ) | മെമ്പർ കൺവീനർ |
| 5 | സെക്രട്ടറി (ധനകാര്യവകുപ്പ്) | മെമ്പർ |
| 6 | സെക്രട്ടറി (ആരോഗ്യവകുപ്പ്) | മെമ്പർ |
| 7 | സെക്രട്ടറി (പൊതുമരാമത്ത് വകുപ്പ്) | മെമ്പർ |
| 8 | സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ്) | മെമ്പർ |
| 9 | സെക്രട്ടറി (പൊതുവിദ്യാഭ്യാസ വകുപ്പ്) | മെമ്പർ |
| 10 | സെക്രട്ടറി (ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്) | മെമ്പർ |
| 11 | കേന്ദ്രസർക്കാർ പ്രതിനിധി | മെമ്പർ |
| 12 | മാനേജിംഗ് ഡയറക്ടർ (കേരള ജലഅതോറിറ്റി) | മെമ്പർ & കോ-കൺവീനർ |
| 13 | എക്സിക്യൂട്ടീവ് ഡയറക്ടർ (ജലനിധി) | മെമ്പർ |
| 14 | ശ്രീ.വി.കെ.ബേബി, ഐ.എ.എസ് (റിട്ട), ജലവിഭവ വകുപ്പ് ഉപദേഷ്ടാവ് | മെമ്പർ |
| 15 | എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയോൺമെന്റ് | മെമ്പർ |
| 16 | ഗ്രാമീണ ജലവിതരണം, പൊതു സേവനം, പ്രകൃതി വിഭവ-സാമൂഹിക വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ള ഈ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച 3 വിദഗ്ധരേയും ഈ സമിതിയിൽ അംഗമാക്കാവുന്നതാണ്. | |

## സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടന

| | | |
|---|---|---|
| 1 | അഡീഷണൽ ചീഫ് സെക്രട്ടറി/ സെക്രട്ടറി (ജലവിഭവ വകുപ്പ്) (ജലവിഭവ വകുപ്പിലെ സെക്രട്ടറി തലത്തിലുള്ള എല്ലാ ഓഫീസർമാരും ഈ സമിതിയിൽ എക്സ് ഒഫിഷ്യോ അംഗങ്ങളായിരിക്കും) | ചെയർമാൻ |
| 2 | മാനേജിംഗ് ഡയറക്ടർ (കേരള ജലഅതോറിറ്റി) | മെമ്പർ സെക്രട്ടറി |
| 3 | ടെക്നിക്കൽ മെമ്പർ (കേരള ജല അതോറിറ്റി) | കൺവീനർ |
| 4 | ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ് & ഓപ്പറേഷൻസ്), കേരള ജല അതോറിറ്റി | മെമ്പർ |
| 5 | ഡയറക്ടർ (ടെക്നിക്കൽ), കെ.ആർ.ഡബ്ല്യു.എസ്.എ) | മെമ്പർ |
| 6 | ചീഫ് എഞ്ചിനീയർ, (പൊതുമരാമത്ത് വകുപ്പ്) | മെമ്പർ |
| 7 | ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ | മെമ്പർ |
| 8 | ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് | മെമ്പർ |
| 9 | ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് | മെമ്പർ |
| 10 | എക്സിക്യൂട്ടീവ് ഡയറക്ടർ (ജലനിധി) | മെമ്പർ |
| 11 | എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ | മെമ്പർ |
| 12 | ഡയറക്ടർ, ഭൂജലവകുപ്പ് | മെമ്പർ |
| 13 | ഡയറക്ടർ/പ്രതിനിധി, ഗ്രാമവികസന വകുപ്പ് | എക്സ് ഒഫിഷ്യോ മെമ്പർ |
| 14 | ഡയറക്ടർ/പ്രതിനിധി, ആരോഗ്യ വകുപ്പ് | എക്സ് ഒഫിഷ്യോ മെമ്പർ |

| | | |
|---|---|---|
| 15 | ഡയറക്ടർ/പ്രതിനിധി, പൊതുവിദ്യാഭ്യാസ വകുപ്പ് | എക്സ് ഒഫിഷ്യോ മെമ്പർ |
| 16 | ധനകാര്യവകുപ്പ് പ്രതിനിധി | എക്സ് ഒഫിഷ്യോ മെമ്പർ |
| 17 | ജലവിതരണ, ഗ്രാമവികസന, പൊതുജനാരോഗ്യ-ശുചിത്വ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള 3 വിദഗ്ധരേയും, ഇതേ മേഖലകളിലെ പ്രമുഖ സന്നദ്ധ സംഘടനകളേയും ഈ സമിതിയിൽ അംഗങ്ങളാക്കാവുന്നതാണ്. | |

## ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ മിഷൻ

| | | |
|---|---|---|
| 1 | ജില്ലാ കളക്ടർ | ചെയർപേഴ്സൺ |
| 2 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ ഡിസ്ട്രിക്ട് ഡവലപ്മെന്റ് ഓഫീസർ/ചീഫ് ഡവലപ്മെന്റ് ഓഫീസർ- ജില്ലാ പഞ്ചായത്ത് | മെമ്പർ |
| 3 | പ്രോജക്ട് ഡയറക്ടർ, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് ഏജൻസി/, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് | മെമ്പർ |
| 4 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ | മെമ്പർ |
| 5 | ജില്ലാ മെഡിക്കൽ ഓഫീസർ | മെമ്പർ |
| 6 | ജില്ലാ വിദ്യാഭ്യാസ ഓഫിസർ | മെമ്പർ |
| 7 | എക്സിക്യൂട്ടിവാ എഞ്ചിനീയർ, കേരള ജലഅതോറിറ്റി | മെമ്പർ സെക്രട്ടറി |
| 8 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചന വകുപ്പ് | മെമ്പർ |
| 9 | ജില്ലാ മേധാവി, ഭൂജലവകുപ്പ് | മെമ്പർ |
| 10 | പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ | മെമ്പർ |
| 11 | ജില്ലാ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ് | മെമ്പർ |
| 12 | റീജിയണൽ ഓഫീസർ/പ്രതിനിധി, കെ.ആർ.ഡബ്ലിയു.എസ്.എ | മെമ്പർ |
| 13 | ജലവിതരണ, പൊതുജനാരോഗ്യ-ശുചിത്വ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള 2 വിദഗ്ധരേയും പ്രാദേശിക പാർലമെന്റ് അംഗത്തേയും ഈ സമിതിയിൽ അംഗങ്ങളാക്കാവുന്നതാണ്. | മെമ്പർ |
| 14 | ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന 2 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ | മെമ്പർ |

## സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1 | അഡീഷണൽ ചീഫ് സെക്രട്ടറി/ സെക്രട്ടറി, ജലവിഭവകുപ്പ് (ജലവിഭവവകുപ്പിലെ എല്ലാ സെക്രട്ടറിമാരും ഈ സമിതിയിൽ അംഗങ്ങളായിരിക്കും) | ചെയർപേഴ്സൺ |
| 2 | മിഷൻ ഡയറക്ടർ-സ്റ്റേറ്റ് വാട്ടർ സാനിട്ടേഷൻ മിഷൻ | മെമ്പർ |
| 3 | മാനേജിംഗ് ഡയറക്ടർ , കേരള വാട്ടർ അതോറിറ്റി | മെമ്പർ |
| 4 | കേന്ദ്രസർക്കാരിന്റെ പ്രതിനിധി | മെമ്പർ |
| 5 | ഡയറക്ടർ, റീജിയണൽ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് | മെമ്പർ |
| 6 | ഡയറക്ടർ, ഭൂജലവകുപ്പ് | മെമ്പർ |
| 7 | ഡയറക്ടർ, റീജിയണൽ സെൻട്രൽ വാട്ടർ കമ്മീഷൻ | മെമ്പർ |
| 8 | പ്രമുഖ സംസ്ഥാന/ദേശീയ സാങ്കേതിക സ്ഥാപനത്തിൽ നിന്നുള്ള ഒരു സാങ്കേതിക വിദഗ്ധൻ | മെമ്പർ |
| 9 | ടെക്നിക്കൽ വിദഗ്ധൻ, കേരള ജലഅതോറിറ്റി | മെമ്പർ |
| 10 | ചീഫ് എഞ്ചിനീയർ, കേരള ജലഅതോറിറ്റി (ഓപ്പറേഷൻസ്) | മെമ്പർ |
| 11 | എക്സിക്യൂട്ടീവ് ഡയറക്ടർ, കെ. ആർ. ഡബ്ല്യൂ. എസ്. എ | മെമ്പർ |
| 12 | ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന അംഗം (ആവശ്യമെങ്കിൽ) | മെമ്പർ |

1. ഗ്രാമപഞ്ചായത്തുകൾക്കാണ് പ്രധാനമായും പദ്ധതി നടത്തിപ്പിന്റെ ചുമതല. ഗ്രാമപഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുമായിരിക്കും ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുന്നത്. അതിനാവശ്യമുള്ള ക്രമീകരണം അവർക്ക് വരുത്താം.

2. ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി ആണെങ്കിൽ ഏകോപനത്തിനായി വിവിധ ഗ്രാമപഞ്ചായത്തുകൾ /ബ്ലോക്ക് പഞ്ചായത്തുകൾ/ ജില്ലാ പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഏകോപന കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്.

3. ജലജീവൻ മിഷൻ പഞ്ചായത്ത് തല/ ജില്ലാതല സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടതാണ്.

4. സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനു വേണ്ടിയുള്ള പദ്ധതിയായ ജല ജീവൻ മിഷന്റെ സാമ്പത്തിക ഘടന കേന്ദ്ര സർക്കാർ വിഹിതം 50% സംസ്ഥാന സർക്കാർ വിഹിതം 50% എന്ന നിലയിലാണ്. കൂടാതെ 10% ഉപഭോക്തൃ വിഹിതവും ഗുണഭോക്താക്കൾ ലഭ്യമാക്കേണ്ടതാണ്. .

5. 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി രൂപ പദ്ധതി അടങ്കലിൽ ജല ജീവൻ മിഷന് അംഗീകാരം നൽകുമ്പോൾ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10% ഉപഭോക്തൃവിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന പഞ്ചായത്തുകളെ ഉൾപ്പെടുത്തി പദ്ധതി 2020-21 വർഷം ആരംഭിച്ച് പൂർത്തീകരിക്കുന്നതാണ്.

6. പഞ്ചായത്ത് വിഹിതം, ഉപഭോക്തൃവിഹിതം എന്നിവയിൽ പ്രത്യേക പരിഗണനയുള്ള ജനവിഭാഗങ്ങൾക്ക് (ബി.പി.എൽ/എസ്.സി/എസ്.റ്റി/ ഫിഷർമെൻ) ആവശ്യത്തിനനുസരിച്ച് ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണ്.

7. കേന്ദ്ര മാർഗ്ഗനിർദേശങ്ങളുടെ വെളിച്ചത്തിൽ സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷൻ പദ്ധതി

നടത്തിപ്പിൽ തുടർനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതും പദ്ധതിയുടെ നിർവ്വഹണത്തിനാവശ്യമായ തീരുമാനങ്ങളും കൈക്കൊള്ളുന്നതുമാണ്.

8. ഭാരത സർക്കാരിന്റെ 16/04/2020 ലെ 40-3/2020-DM-I(A) നമ്പർ ഉത്തരവ് പ്രകാരം ജലവിതരണ-ശുചിത്വ പദ്ധതികൾ കോവിഡ് 19 നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത് ജലജീവൻ മിഷനും ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ബി.അശോക്.ഐ.എ.എസ്**
**സെക്രട്ടറി**

പകർപ്പ്

ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ , കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കെ. ആർ. ഡബ്ല്യൂ. എസ്. എ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി& എൻവയോൺമെന്റ്

ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി

ചീഫ് എഞ്ചിനീയർ, പ്രോജക്ട് & ഓപ്പറേഷൻസ്, കേരള വാട്ടർ അതോറിറ്റി

ഡയറക്ടർ(ടെക്നിക്കൽ), കെ. ആർ. ഡബ്ല്യൂ. എസ്. എ

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

ഡയറക്ടർ, ഭൂജലവകുപ്പ്.

ഡയറക്ടർ, റൂറൽ ഡവലപ്മെന്റ് വകുപ്പ്

ഡയറക്ടർ, ആരോഗ്യ വകുപ്പ്

ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ്

ഡയറക്ടർ, റീജിയണൽ സെൻട്രൽ വാട്ടർ കമ്മീഷൻ

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

ഡയറക്ടർ, കൃഷി വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ഡിസ്ട്രിക്ട് ഡവലപ്മെന്റ് ഓഫീസർ/ചീഫ് ഡവലപ്മെന്റ് ഓഫീസർ, ജില്ലാ പഞ്ചായത്ത്

പ്രോജക്ട് ഡയറക്ടർ, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് ഏജൻസി/, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട്

എല്ലാ ഡിവിഷണൽ പ്രോജക്ട് ഓഫീസർമാർക്കും

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ